LIBRARY ARCHIVES Kerala Legislative Assembly

**മുൻആരോഗ്യവകുപ്പ് ഡയറക്ടർമാരെ രക്ഷപ്പെടുത്തുവാൻ സഹായിച്ചവർക്കെതിരെ നടപടി**

129 (5558) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതി ശിക്ഷിച്ച മുൻആരോഗ്യ വകുപ്പ് ഡയറക്ടർമാരെ ജയിൽ വാസത്തിൽനിന്നും രക്ഷപ്പെടുത്തുവാൻ പോലീസും ഡോക്ടർമാരും സഹായിച്ചുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യപരിശോധനയ്ക്ക് പ്രതികളെ കൊണ്ടുപോയ പോലീസുകാരെ ഡോക്ടർമാർ ഭീഷണിപ്പെടുത്തിയതായും കോടതി ഉത്തരവ് നടപ്പിലാക്കുവാൻ അനുവദിക്കില്ലെന്ന നിലപാട് സ്വീകരിച്ചതായും ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വൈദ്യപരിശോധനയ്ക്ക് പ്രതികളെ കൊണ്ടുപോയ പോലീസുകാരെ ഡോക്ടർമാർ ഭീഷണിപ്പെടുത്തിയതായും മറ്റുമുള്ള കാര്യങ്ങളെ സംബന്ധിച്ച് പോലീസുദ്യോഗസ്ഥരിൽനിന്നും പരാതി ലഭിച്ചിട്ടില്ല.

**ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം**

130 (5559) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അഴിമതി കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ആരോപണവിധേയരായ ഉദ്യോഗസ്ഥർ സർവീസിൽ തുടരുന്നുണ്ടോ;

(ഡി) അന്വേഷണവുമായി ബന്ധപ്പെട്ട് ഫയലുകൾ പിടിച്ചെടുത്തിട്ടുണ്ടോ; കേസന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

ഉത്തരം

(എ) ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട് പടിഞ്ഞാറത്തറ ബാണാസുര സാഗർ ഡാം കേരള ഹൈഡൽ ടൂറിസം സെന്ററിൽ ഭക്ഷണശാല നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിലെ ക്രമക്കേടുകളെ സംബന്ധിച്ച് ക്യു.വി. 15/16/ വയനാട്/കെ.എസ്.ഇ.ബി. നമ്പരായി ഒരു സത്വാരന്വേഷണം നടന്നുവരുന്നു.

(ബി&സി) അന്വേഷണഘട്ടത്തിലായതിനാൽ അഴിമതിയിൽ പങ്കുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

(ഡി) ഫയലുകൾ പിടിച്ചെടുത്തിട്ടില്ല. അന്വേഷണം പുരോഗതിയിലാണ്.

**ഹരിപ്പാട് മെഡിക്കൽ കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതി**

131 (5560) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മെഡിക്കൽ കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതിയും ക്രമക്കേടും സംബന്ധിച്ച് കുറ്റക്കാർക്കെതിരെ എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അഴിമതി സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത അഴിമതിയിൽ ഹരിപ്പാട് എം. എൽ. എ. അടക്കമുള്ളവരുടെ പങ്ക് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹരിപ്പാട് മെഡിക്കൽ കോളേജ് നിർമ്മാണവുമായി ബന്ധപ്പെട്ട് വി.സി.14/16/എ.എൽ.പി./ഹെൽത്ത് എന്ന നമ്പരിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

(ബി) അന്വേഷണം പുരോഗതിയിലാണ്.

(സി) അന്വേഷണം പൂർത്തിയായാൽ മാത്രമേ ആ വിവരം വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly